**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **3986.**

27/06/2012 – ൽ മറുപടിയ്ക്ക്

## എല്ലാ നിയോജകമണ്ഡലങ്ങളിലും 'യുനാനി' ഡിസ്പെൻസറികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിൽ എത്ര 'യുനാനി' ഡിസ്പെൻസറികൾ ഉണ്ട് എന്ന് വിശദമാക്കുമോ; എവിടെയൊക്കെ; വിശദമാക്കുമോ; | (എ) കേരളത്തിൽ എൻ.ആർ.എച്ച്.എം. പദ്ധതി യിൽ ഉൾപ്പെടുത്തി പ്രവർത്തിക്കുന്ന താഴെ പറയുന്ന 12 യുനാനി ഡിസ്പെൻസറികൾ നിലവിലുണ്ട്.<br>1) താല്ക്കാലിക യുനാനി ഡിസ്പെൻസറി, ഉണ്ണികുളം, കോഴിക്കോട്.<br>2) താല്ക്കാലിക യുനാനി ഡിസ്പെൻസറി, കാരശ്ശേരി, കോഴിക്കോട്.<br>3) താല്ക്കാലിക യുനാനി ഡിസ്പെൻസറി, ചെറിയമുണ്ടം, കോഴിക്കോട്.<br>4) താല്ക്കാലിക യുനാനി ഡിസ്പെൻസറി, വാഴക്കാട്, മലപ്പുറം.<br>5) താല്ക്കാലിക യുനാനി ഡിസ്പെൻസറി, മഞ്ചേരി മുൻസിപ്പാലിറ്റി, മലപ്പുറം.<br>6) താല്ക്കാലിക യുനാനി ഡിസ്പെൻസറി, തിരുവാലി, മലപ്പുറം.<br>7) താല്ക്കാലിക യുനാനി ഡിസ്പെൻസറി, മാറാക്കര, മലപ്പുറം.<br>8) താല്ക്കാലിക യുനാനി ഡിസ്പെൻസറി, വളവന്നൂർ, മലപ്പുറം.<br>9) താല്ക്കാലിക യുനാനി ഡിസ്പെൻസറി, കീഴൂർ, ചാവശ്ശേരി, കണ്ണൂർ |

| | | | |
|---|---|---|---|
| | | | 10. താല്ക്കാലിക യൂനാനി ഡിസ്പെൻസറി, കോട്ടയം, ഗ്രാമപഞ്ചായത്ത്, കണ്ണൂർ.<br>11) താല്ക്കാലിക യൂനാനി ഡിസ്പെൻസറി, നല്ലേപ്പള്ളി, പാലക്കാട്.<br>12) താല്ക്കാലിക യൂനാനി ഡിസ്പെൻസറി, കൊടുവള്ളി, കോഴിക്കോട്.<br>കൂടാതെ ഭാരതീയ ചികിത്സാ വകുപ്പിൽ ഒരു 'യൂനാനി' ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നുണ്ട്. കാസർകോഡ് ജില്ലയിൽ മൊഗ്രാലിൽ ആണ് പ്രസ്തുത 'യൂനാനി' ഡിസ്പെൻസറി. |
| (ബി) | പ്രസ്തുത ചികിത്സാ രീതി പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പ്രത്യേക പദ്ധതികൾ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |
| (സി) | ഉണ്ടെങ്കിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (സി) | പ്രസ്തുത ചികിത്സാ രീതി പ്രോത്സാഹിപ്പിക്കുന്ന തിനായി ഇതുവരെ താതക്കാലിക യൂനാനി ഡിസ്പെൻസറികളിൽ 20 ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള അംഗീകാരം ഭാരത സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 19 ഡിസ്പെൻസറികൾ തുടങ്ങുന്നതിനുള്ള ഉത്തരവിറക്കി യിട്ടുണ്ട്. ഡിസ്പെൻസറികൾ തുടങ്ങുന്നതിന് കെട്ടിടവും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കേണ്ടത് അതാത് പഞ്ചായത്തുകളാണ്. എൻ.ആർ. എച്ച്.എം. മെഡിക്കൽ ഓഫീസർമാരെ നിയമിക്കുകയും ശമ്പളം നൽകുകയും ചെയ്യുന്നു. ഇതിനകം 12 ഡിസ്പെൻസറികളിൽ മെഡിക്കൽ ഓഫീസർമാരെ നിയമിച്ചുകഴിഞ്ഞു. ബാക്കി യുള്ള മറ്റു ഡിസ്പെൻസറി കളിലും പശ്ചാത്തല സൗകര്യം ഒരുക്കുന്നതനുസരിച്ച് ഡോക്ടർമാരെ നിയമിക്കുന്നതാണ്. |
| (ഡി) | ആയതിനായി നിയോജക മണ്ഡലങ്ങളിൽ എൻ.ആർ. എച്ച്.എം. സഹായത്തോടെ യൂനാനി ഡിസ്പെൻസറികൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | കൂടുതൽ നിയോജക മണ്ഡലങ്ങളിൽ യൂനാനി ഡിസ്പെൻസറികൾ തുടങ്ങുന്നതിനുള്ള ഫണ്ടും അംഗീകാരവും കേന്ദ്ര സർക്കാരിൽ നിന്നും ഇപ്പോൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ